# വഞ്ചന | മതിയായി ഈ MLA

## കാനത്തിൽ ജമീല (CPI(M)) - കൊയിലാണ്ടി

### 1 എങ്ങുമെത്താതെ ടൂറിസം




കോരപ്പുഴ - മൂരാട് തീരദേശവും കാപ്പാട്, തിക്കോടി ബീച്ചുകളും ടൂറിസം ഭൂപടത്തിൽ എത്തിക്കാൻ കഴിഞ്ഞില്ല. പ്രകൃതിദത്തമായ സാധ്യതകൾ ഉപയോഗപ്പെടുത്തി ഒരു പദ്ധതി പോലും കൊണ്ടുവരാൻ 5 വർഷത്തിനിടെ സാധിച്ചില്ല.

### 2 ജില്ലാ ആശുപത്രി കടലാസിൽ




കൊയിലാണ്ടി താലൂക്ക് ആശുപത്രിയെ ജില്ലാ ആശുപത്രിയാക്കി ഉയർത്തുമെന്ന വാഗ്ദാനം പാലിക്കപ്പെട്ടില്ല.

### 3 തണ്ണീർത്തട കയ്യേറ്റം രൂക്ഷം




ചേമഞ്ചേരി, ചെങ്ങോട്ടുകാവ്, മൂടാടി ഭാഗങ്ങളിൽ പാർട്ടിക്കാരുടെ ഒത്താശയോടെ തണ്ണീർത്തടങ്ങൾ നികത്തി നൽകുന്നു. നാളികേര കർഷകരെ സഹായിക്കാൻ വ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിൽ പരാജയപ്പെട്ടു.

### 4 ഗ്രാമീണ റോഡുകൾ തകർച്ചയിൽ




ഗ്രാമീണ റോഡുകൾ തകർന്ന് കാൽനടയാത്ര പോലും അസാധ്യമായിട്ടും കേന്ദ്ര ഫണ്ടുകൾ (PMGSY) വിനിയോഗിക്കുന്നതിൽ എം.എൽ.എ. കുറ്റകരമായ അനാസ്ഥ കാണിക്കുന്നു.

### 5 കേന്ദ്ര പദ്ധതികൾ അപ്രാപ്യമാക്കുന്ന നയം




സാധാരണക്കാർക്ക് 5 ലക്ഷം രൂപയുടെ ചികിത്സാ ഇൻഷുറൻസ് ഉറപ്പാക്കുന്ന ആയുഷ്മാൻ ഭാരത് (PMJAY) പോലുള്ള കേന്ദ്ര പദ്ധതികൾ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ എം.എൽ.എ. പരാജയപ്പെട്ടു.

### 6 ആചാരങ്ങളെ തകർത്തു വിശ്വാസികളെ വഞ്ചിച്ചു



ശബരിമലയിലെ അനുഷ്ഠാനങ്ങളെ തകർക്കാനുള്ള കപട നവോത്ഥാന നാടകത്തിന് പാദസേവ ചെയ്ത ഈ എംഎൽഎ വിശ്വാസിസമൂഹത്തെ പച്ചയ്ക്ക് വഞ്ചിച്ചു. സ്വർണ്ണക്കൊള്ളയിൽ പോലും ടിയാൻ പാലിച്ച മൗനം സംശയാസ്പദമാണ്.

## UDF - LDF മതിയായി
## മാറ്റം തുടങ്ങാം!